**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2250** **21-06-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ സിവിൽ സർവീസ് വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കിയ പദ്ധതി വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മുഖാന്തിരം ഒപ്പം പദ്ധതി, സുഭിക്ഷ ഹോട്ടൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 09 ഗുണഭോക്താക്കൾക്കാണ് ഒപ്പം പദ്ധതി മുഖാന്തിരം റേഷൻ വിതരണം നടത്തി വരുന്നത്. കൂടാതെ സുഭിക്ഷ ഹോട്ടലും നല്ല നിലയിൽ പ്രവർത്തിച്ച് വരുന്നു. കൂടാതെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഒരു കെ സ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ മിൽമയുടെ തെരഞ്ഞെടുത്ത ഉൽപ്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, ഇതിനുപുറമേ ഗാർഹിക സിലിണ്ടർ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, CSC സേവനങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള(MSME) ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് മുഖാന്തിരം ഒപ്പം പദ്ധതി, സുഭിക്ഷ ഹോട്ടൽ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 09 ഗുണഭോക്താക്കൾക്കാണ് ഒപ്പം പദ്ധതി മുഖാന്തിരം റേഷൻ വിതരണം നടത്തി വരുന്നത്. കൂടാതെ സുഭിക്ഷ ഹോട്ടലും നല്ല നിലയിൽ പ്രവർത്തിച്ച് വരുന്നു. കൂടാതെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഒരു കെ സ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>നിലവിൽ റേഷൻ കടകൾ വഴി നൽകി വരുന്ന സേവനങ്ങൾക്ക് പുറമേ മിൽമയുടെ തെരഞ്ഞെടുത്ത |

| | | | |
|---|---|---|---|
| | | | ഉൽപ്പന്നങ്ങൾ, IOC യുടെ ചോട്ടു ഗ്യാസ്, ഇതിനുപുറമേ ഗാർഹിക സിലിണ്ടർ, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങൾ, CSC സേവനങ്ങൾ, വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള(MSME) ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വഴി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ